ഉത്തരം

(എ) 2,00,00,000 രൂപ.

(ബി) 1,00,960 രൂപ (പദ്ധതി നിർവ്വഹണത്തിന്റെ പ്രാഥമിക നടപടികൾക്കുവേണ്ടി) ചെലവാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടില്ലാത്തതിനാൽ ശേഷിച്ച തുക ചെലവഴിച്ചിട്ടില്ല.

(സി) 1. ബഡ്ജറ്റ് വിഹിതം — 1,00,00,000 രൂപ

2. ചെലവായ തുക — 2,25,960 രൂപ

(ഡി) 1,00,00,000 രൂപ.

**പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ കോർപ്പറേഷൻ**

**319 (985)** ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ ബഡ്ജറ്റിലും, കോർപ്പറേഷന്റെ പദ്ധതി-പദ്ധതിയേതര ചെലവുകൾക്കായി എത്ര തുക വീതം നീക്കിവച്ചിട്ടുണ്ടെന്നും അതിൽ എത്ര വീതം ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ഓരോ ബഡ്ജറ്റിലും കോർപ്പറേഷന്റെ പദ്ധതി-പദ്ധതിയേതര ചെലവുകൾക്കായി നീക്കിവച്ച തുകകളുടെയും ചെലവഴിച്ച തുകകളുടെയും വിവരം താഴെക്കൊടുക്കുന്നു :

| വർഷം | ബഡ്ജറ്റിൽ നീക്കിവച്ച തുക (ലക്ഷത്തിൽ) | കോർപ്പറേഷന്റെ തനതു ഫണ്ട് കൂടി ചേർത്ത് ചെലവഴിച്ച തുക (ലക്ഷത്തിൽ ) |
|---|---|---|
| 2011-12 | 350.00 | 587.93 |
| 2012-13 | 450.00 | 917.26 |
| 2013-14 | 500.00 | 788.93 |
| 2014-15 | 600.00 | 290.22 |

LIBRARY ARCHIVES Kerala Legislative Assembly